➪ ഇത്തരം നേരമ്പോക്കുകളിൽപ്പെട്ട ഒന്നാണ് ചെങ്ങന്നൂര് മാണിക്യന്റെ മുട്ട പുഴുങ്ങിയ കഥ ➪

ഒരിക്കലും കാലഹരണപ്പെടുകയില്ല
ഒന്നും ആവിഷ്കരിക്കാൻ കഴിയാത്തവന്റെ ദുഃഖം.
– പി. രാമൻ

35–40 കൊല്ലങ്ങൾക്ക് മുൻപ്, നെൽവയലുകൾക്ക് സമീപമുള്ള മെതിപ്പുരകളിൽ നിന്നും പലവട്ടം കേൾക്കാനായിട്ടുണ്ട് ചെങ്ങന്നൂര് മാണിക്യന്റെ മുട്ട പുഴുങ്ങിയ കഥ. നെൽപ്പാടത്ത് നിന്നും കൊയ്തെടുത്ത് തലച്ചുമടായി കൊണ്ടുവന്ന കറ്റകൾ മുറ്റത്ത് ഉയരത്തിൽ അടുക്കിവച്ചിട്ടുണ്ടാകും. മെതിക്കുന്നതും നെല്ലും ചണ്ടും വേർതിരിക്കുന്നതും രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ പെണ്ണുങ്ങളും ആണുങ്ങളും ഒന്നിച്ചു ചേർന്നാണ്. മെതിക്കുന്ന സ്ഥലത്ത് ചെറിയ ആഘോഷത്തിന്റെ അന്തരീക്ഷമായിരിക്കും. നാടൻപാട്ട്, രമണൻ, സരോജിനിയുടെ കടുംകൈ, കവളപ്പാറ കൊമ്പൻ, സിനിമാക്കഥകൾ, നാട്ടിലെ ഒളിച്ചോട്ടങ്ങൾ, അവിഹിതബന്ധങ്ങൾ തുടങ്ങി അവിടെ ഇതൾ വിരിയാത്തതൊന്നുമില്ല. ഇത്തരം നേരമ്പോക്കുകളിൽപ്പെട്ട ഒന്നാണ് ചെങ്ങന്നൂര് മാണിക്യന്റെ മുട്ട പുഴുങ്ങിയ കഥ. കഥപറച്ചിലിൽ വൈദഗ്ധ്യമുള്ള പ്രായം ചെന്ന സ്ത്രീയായിരിക്കും ഇത് അവതരിപ്പിക്കുക.

# ആരാണ് പന്നി?

'കറുത്ത ശരീരങ്ങളുടെ ആഘോഷം' എന്നും 'ദളിത് ഉടലുകൾ പ്രാധാന്യത്തോടെ പ്രത്യക്ഷപ്പെടുന്നു' എന്നും പ്രകീർത്തിക്കപ്പെടുന്ന 'കമ്മട്ടിപ്പാടം' ശരിക്കും ദളിതരെ അവഹേളിക്കുന്ന ഒരു മുഴുനീള സിനിമയാണെന്നും 'ഒഴിവുദിവസത്തെ കളി'യിൽ നിന്നും 'ഫാൻട്രി'യിൽ നിന്നും രാജീവ് രവി പലതും പഠിക്കേണ്ടതുണ്ടെന്നും

**എസ്. നാരായണൻ**

ജന്മിയുടെ അടിമയായ ചെറുമൻ തന്റെ മകളുടെ കല്യാണം നടത്തുന്നതും സദ്യയൊരുക്കുന്നതുമാണ് ഇതിന്റെ പ്രമേയം. ഭാര്യയും മക്കളുമല്ലാതെ ഈ ഭൂമിയിൽ ചെറുമന് സ്വന്തമായിട്ട് ഒന്നുമില്ല. തമ്പുരാന്റെ സമ്മതത്തോടെ തമ്പുരാന്റെ ഭൂമിയിൽ കൂര കെട്ടിക്കഴിയുന്ന കുടിയാനാണ് അയാൾ. അയാളുടെ മകളുടെ കല്യാണമാണ്. വരന്റെ വീട്ടുകാർക്കും നാട്ടുകാർക്കും വിവാഹ ദിവസം വിരുന്നുകൊടുക്കണം. തലേന്ന് രാത്രിയിൽ അതിനുള്ള ഒരുക്കങ്ങളാണ്. രാവും പകലും നെല്ലുണ്ടാക്കുന്നവനാണെങ്കിലും കല്യാണസദ്യക്കുള്ള നെല്ലോ അരിയോ അയാൾക്ക് സ്വന്തമായി ഇല്ല. അപ്പോൾ എന്തു ചെയ്യും? ചെങ്ങന്നൂർ മാണിക്യൻ എന്ന ആന ഉത്സവപ്പറമ്പിൽ നിൽക്കുന്നുണ്ട്. അഞ്ചെട്ട് സഹായികൾ പോയി അവിടെ നിന്നും വലിയ കുട്ടകളിൽ ആനപ്പിണ്ടം കൊണ്ടുവന്നു. കോഴിയും താറാവും ഇടുന്നത് മുട്ടയാണെങ്കിൽ മാണിക്യനിടുന്നതും മുട്ട തന്നെ എന്നാണ് ചെറുമന്റെ യുക്തിസഹമായ മറുപടി. പിണ്ടം കൊണ്ടുവന്ന് തമ്പുരാന്റെ കാളയ്ക്ക് വെള്ളം കൊടുക്കുന്ന പാത്രത്തിലിട്ട് തിളപ്പിച്ചു. വെള്ളം ഊറ്റിക്കളഞ്ഞ് ചോറാക്കുന്നതിന്റെ സമയമായപ്പോൾ അതിനുപയോഗിക്കുന്ന ചോറ്റുകുട്ടയില്ല. അതിനും തമ്പുരാൻ തന്നെ ശരണം. തമ്പുരാന്റെ കോഴികളെ രാത്രിയിൽ മൂടിയിടുന്ന കൊട്ട എടുത്തുകൊണ്ടുവന്ന് തിളപ്പിച്ചതെല്ലാം ഊറ്റിയെടുത്തു. കൊട്ടമാറ്റിയപ്പോൾ കോഴി

*⇨ അർഹതയില്ലാത്തത് ആഗ്രഹിച്ചാൽ അപഹാസ്യരാകും എന്നതാണ് ഇതിന്റെ ഗുണപാഠം ⇨*



കളെല്ലാം എങ്ങോട്ടോ പറന്നുപോയി. സദ്യ
യിൽ പുളിയിഞ്ചിക്ക് പകരം കോഴിക്കാഷ്ടം
വിളമ്പാൻ തീരുമാനിച്ചു. അപ്പോഴേയ്ക്കും
പുതിയൊരു പ്രശ്നം. കറികളുണ്ടാക്കുന്നതി
നും മറ്റും വെളിച്ചമില്ല. തമ്പുരാന്റെ വൈ
ക്കോൽത്തുറു അടുത്തുതന്നെയുണ്ട്. വേഗംത
ന്നെ അതിന് തീകൊടുത്തു. പുലരും വരെ
അതുനിന്ന് കത്തി. പകൽപോലെ വെളിച്ചം.
തമ്പുരാന്റെ തൊഴുത്തിലെ പശുക്കളുടെ ക
യർ അറുത്തുവിട്ട് വിഭവങ്ങളെല്ലാം അവിടെ
ഒരുക്കിവച്ചു.

വരനും കൂട്ടരും പിറ്റേന്ന് സമയത്തിനെ
ത്തി. സദ്യ കഴിക്കാനിരുന്ന വരന്റെ ബന്ധു
ക്കൾ ചോറ് 'ഞവ, ഞവാ'ന്ന് ഇരിക്കുന്നല്ലോ
എന്ന് പരാതിപ്പെട്ടു. അത് ചെങ്ങന്നൂർ മാണി
ക്യന്റെ മുട്ടയായതുകൊണ്ടാണെന്ന് മറുപടി
പറഞ്ഞു. അപ്പോഴേക്കും ചില അതിഥികൾ
ക്ക് ഭക്ഷണത്തിൽ നിന്നും കോഴിത്തൂവൽ കി
ട്ടി. അതിനെ വരന്റെ വീട്ടുകാർ ചോദ്യം ചെ
യ്തു. വിവാഹച്ചടങ്ങ് വഴക്കിലും വയ്യാവേലി
യിലും കയ്യാങ്കളിയിലും അവസാനിച്ചു. ഇങ്ങ
നെയുള്ള ബന്ധം വേണ്ടെന്ന് പറഞ്ഞ് വരന്റെ
വീട്ടുകാർ വധുവിനെ ഉപേക്ഷിച്ച് ഇറങ്ങി
പ്പോയി.

പിറ്റേന്ന് ബഹളമെല്ലാം തീർന്നപ്പോൾ ത
മ്പുരാൻ കലിതുള്ളി ചെറുമന്റെ കുടിയിലെ
ത്തി. കത്തിത്തീർന്ന തന്റെ വൈക്കോൽത്തു
റുവും ശൂന്യമായ തൊഴുത്തും കോഴിക്കൂടും
കണ്ട് തമ്പുരാൻ ദേഷ്യം കൊണ്ട് വിറച്ചു. ത
നിക്ക് നഷ്ടപ്പെട്ടതെല്ലാം തിരികെത്തരണമെ
ന്ന് അയാൾ കൽപ്പിച്ചു. തന്റെ കുടിലിന് പുറ
കിൽ നിൽക്കുന്ന പൂവൻവാഴത്തൈ ചൂണ്ടി
ക്കാട്ടി ചെറുമൻ നിസ്സഹായതോടെ പ
റഞ്ഞു: "എനിക്ക് സ്വന്തായിട്ട് ഒന്നൂം
ല്ല്യ. ആ നിക്കണ പൂവൻവാഴ എന്റെ
സ്വന്താ. അത് തമ്പുരാൻ എടു
ത്തോ..."

കഥയുടെ അവസാനഭാഗമെത്തു
മ്പോഴേക്കും കഥ കേൾക്കുന്ന മെതി
ക്കാർ ചിരിച്ചുവീണിട്ടുണ്ടാകും. ചെറു
മരുടെ ഭാഷ അനുകരിക്കാൻ കഴിവു
ള്ളരായിരിക്കും ഇത് അവതരിപ്പിക്കു
ക. സ്വന്തമാണ് എന്നുള്ളതിന് 'ചൊ
ന്താ' എന്ന മട്ടിലായിരിക്കും കഥയുടെ
മുഴുവൻ ഭാഷാ പ്രയോഗവും. ചേ
റിൽ രാപ്പകൽ പണിയെടുക്കുന്ന, ഒ
ന്നും സ്വന്തമായിട്ടില്ലാത്ത ചെറുമൻ,
മേൽജാതികളിൽപ്പെട്ടവരെപ്പോലെ മ
കളുടെ വിവാഹം നടത്താനും സദ്യ
യൊരുക്കാനും ആഗ്രഹിച്ചു എന്നതി
ലാണ് ഈ കഥയിലെ ഹാസ്യം. ഒരു വിഭാഗ
ത്തിന്റെ നിസ്സഹായതയും നിരാലംബതയുമാ
ണ് കൂട്ടച്ചിരിക്ക് നിദാനമാകുന്നത്. അർഹത
യില്ലാത്തത് ആഗ്രഹിച്ചാൽ അപഹാസ്യരാ
കും എന്നതാണ് ഇതിന്റെ ഗുണപാഠം.

ദളിത് വിഭാഗത്തിൽപ്പെടാത്തവരുടെ വാ
യിൽ നിന്നാണ് ഈ കഥ കേൾക്കാൻ കഴി
ഞ്ഞിട്ടുള്ളത്. കഥ തുടങ്ങുമ്പോൾ കേൾക്കാ
ത്തതുപോലെ നിൽക്കുകയോ അവിടം വിട്ടു
പോവുകയോ ആണ് ആ വിഭാഗത്തിലുള്ള
വർ ചെയ്യാറുള്ളത്. അപൂർവ്വം ചിലർ വേദന
കലർന്ന ചിരിയുമായി ഇത് കേൾക്കുന്നത് ക
ണ്ടിട്ടുണ്ട്. ഒരു കൂട്ടത്തിൽ വച്ച് ഇത്തരം പ്രക
ടനങ്ങൾ നടത്തുമ്പോൾ വേദനയോടെ സഹി
ക്കേണ്ടിവരുന്നവരെപ്പറ്റി ആരും ഓർക്കാറില്ല.
സാഹിത്യത്തിലാണ് ഇത്തരം അവഹേളനമെ
ങ്കിൽ ഒറ്റയ്ക്ക് അനുഭവിച്ചാൽ മതി എന്നൊ
രു ആശ്വാസമുണ്ട്. 'പെട്ടിയുമായി ചെറുമൻ
മുന്നിൽ നടന്നു' എന്ന് എം.ടി എഴുതിയതു
വായിക്കുന്നതുപോലെയല്ല ഒരു കൂട്ടം ആളു
കൾക്കിടയിലിരുന്ന് സിനിമാസ്ക്രീനിൽ അ
ത്തരം ദൃശ്യം കാണേണ്ടിവരുന്നത്.

ചെങ്ങന്നൂർ മാണിക്യന്റെ മുട്ട പുഴുങ്ങിയ
കഥ വേദനയോടെ കേട്ടുനിന്ന മുഖങ്ങൾ
ഓർമ്മയിൽ നിന്നും മാഞ്ഞുതുടങ്ങി. വർഷ
ങ്ങൾക്ക് മുമ്പ് ഒരു സിനിമാ തീയേറ്ററിൽ വെ
ച്ച് കാണേണ്ടിവന്ന അയൽക്കാരന്റെ മുഖം പ
ക്ഷെ ഒരിക്കലും മറക്കാൻ പറ്റില്ല. 'ഭരതം'
എന്ന സിനിമ കാണാൻ പോയതായിരുന്നു
അന്ന്. ലോഹിതദാസും സിബി മലയിലും
കൂടി ഒരുക്കിയ ചിത്രം. നെടുമുടി വേണു അ
വതരിപ്പിക്കുന്ന രാമനാഥൻ എന്ന കഥാപാ
ത്രം സംഗീതജ്ഞനാണ്. ഭാഗവതരുടെ അനു

⇨ *ഇതേ പ്രശ്നത്തിന്റെ മറ്റൊരു മുഖം 'എന്ന് സ്വന്തം ജാനകിക്കുട്ടി' എന്ന സിനിമയിൽ കാണാം* ⇨

ജനായി മോഹൻലാൽ അഭിനയിക്കുന്നു. അയാളും ശാസ്ത്രീയ സംഗീതത്തിൽ അഗ്രഗണ്യൻ. മൃദംഗവിദ്വാനായ അമ്മാവനായി വരുന്നത് ഒടുവിൽ ഉണ്ണികൃഷ്ണൻ. അമ്മയായി കവിയൂർ പൊന്നമ്മയും ഭാര്യയായി ലക്ഷ്മിയും അനുജത്തിയായി സുചിത്രയും അഭിനയിക്കുന്നു. പ്രഗത്ഭനായ രാമനാഥന് നിറയെ കച്ചേരികൾ. അയാൾ പാടുമ്പോൾ കൂടെ പാടാനും തമ്പുരുമീട്ടാനും  തൊട്ടരികിൽ ബാങ്കുദ്യോഗസ്ഥൻ കൂടിയായ അനുജൻ. അരികിൽ മൃദംഗം വായിച്ചുകൊണ്ട് അമ്മാവൻ. സന്തുഷ്ടവും സമ്പന്നവുമായ കുടുംബം. അതിനിടയിൽ രാമനാഥൻ പതുക്കെ പതുക്കെ മദ്യപാനിയായി മാറുന്നു. കുടുംബത്തിൽ അസ്വാരസ്യങ്ങൾ ഉടലെടുക്കുന്നു. അയാൾ മദ്യപിച്ച് വെളിവില്ലാതെ തെറിയും മറ്റും പുലമ്പാൻ തുടങ്ങുന്നു. ഇതിനൊരു അറുതി വരുത്താൻ വേണ്ടി ചേരുന്ന കുടുംബസദസ്സിൽ വെച്ച് അമ്മാവന്റെ ഭാര്യ (കെ.പി.എ.സി ലളിത) ഇങ്ങനെ പറയുന്നു: "കള്ളു കുടിച്ചുകുടിച്ച് കുടിയന്മാരുടെ സ്വഭാവമായിട്ടുണ്ടാവും. വേണ്ടാത്തത് ചിന്തിക്ക്യാ, പ്രവർത്തിക്ക്യാ... ആ തെങ്ങുകേറാൻ വരുന്ന വേലായുധന്റെ സ്വഭാവമറിയില്ലേ. വൈകുന്നേരമാകുമ്പോ കുടിയും കഴിഞ്ഞ് വന്ന് ആ കാത്തൂനെ എടുത്തിട്ടിടിക്കും. ഓരോ ദിവസോം ഓരോ കാരണംണ്ടാവും." ഇതു കേട്ടതും അമ്മാവനായ ഒടുവിൽ ഉണ്ണികൃഷ്ണൻ ഇതിലും വലിയ അധഃപതനം കുടുംബത്തിന് വരാനില്ലെന്ന മട്ടിൽ ഭാര്യയോട് കയർക്കുന്നു. "ഒന്നകത്തു പോന്നുണ്ടോ...ഒരുദാഹരണം പറയുന്നതേ... തെങ്ങുകേറ്റക്കാരൻ വേലായുൻ... സാധാരണ പെണ്ണുങ്ങൾക്ക് ഇത്തിരിയെങ്കിലും ബോധമുണ്ടാവും. അല്ല, ഇവളുടെ തലയിൽ മുഴുവൻ കളിമണ്ണാ..." ഈ സിനിമ ഒല്ലൂർ ഡേവീസ് മൂവിസിൽ കാണുമ്പോൾ വീട്ടിൽ തെങ്ങുകയറാൻ വരുന്ന വേലായുധൻ ഭാര്യയും മക്കളുമായി മുന്നിലെ സീറ്റിൽ ഇരിക്കുന്നുണ്ട്. തെങ്ങുകയറുന്നതിന് കിട്ടിയ കാശുകൊടുത്ത് ടിക്കറ്റെടുത്ത് കുടുംബത്തോടൊപ്പം സിനിമ കാണുന്ന അയാൾ താൻ അധമനാണെന്ന പരാമർശം എങ്ങനെയായിരിക്കും നേരിട്ടിട്ടുണ്ടാവുക. തീയേറ്ററിനകത്തെ ഇരുട്ട് മാറാതിരിക്കാനും വെളിച്ചം വരാതിരിക്കാനും ഭാര്യയുടെയും മക്കളുടെയും മുഖം കാണാതിരിക്കാനും അയാൾ പ്രാർത്ഥിച്ചിട്ടുണ്ടാകണം. ഫിസിക്സ് പഠിപ്പിക്കുന്ന ചന്ദ്രൻ മാഷിനോ ഗുമസ്തപ്പണി ചെയ്യുന്ന തോമസിനോ അതേ പേരും തൊഴിലും ചെയ്യുന്ന കഥാപാത്രങ്ങളെ സ്ക്രീനിൽ മോശമായി പരാമർശിച്ചാൽ ഖേദം തോന്നേണ്ട കാര്യമില്ല. തെങ്ങുകയറുന്ന വേലായുധൻ അവഹേളനാപാത്രമാകുന്നത് ആ തൊഴിൽ ചെയ്യുന്ന ജാതിയെക്കൂടി ഉദ്ദേശിച്ചു പറയുന്നതുകൊണ്ടാണ്.

ഇതേ പ്രശ്നത്തിന്റെ മറ്റൊരു മുഖം എം.ടിയും ഹരിഹരനും കൂടി ചെയ്ത 'എന്ന് സ്വന്തം ജാനകിക്കുട്ടി' എന്ന സിനിമയിൽ കാണാം. അതിലെ നായികയായ പെൺകുട്ടിയുടെ അച്ഛൻ ദൂരെ വയനാട്ടിൽ ജോലി ചെയ്യുകയാണ്. ഭർത്താവ് ഇടയ്ക്കെങ്കിലും വീട്ടിൽ വന്നുപോകാത്തതിൽ നായികയുടെ അമ്മ കുഞ്ചുക്കുട്ടി ദുഃഖത്തിലാണ്. വയനാട്ടിലെ ജോലി സ്ഥലത്ത് അയാൾക്ക് വെളക്കോടത്തെ ഏച്ച്മ്മൂന്റെ മകളുമായി അവിഹിത ബന്ധമുണ്ടെന്നും അവൾ ഉർവ്വശി ചമഞ്ഞ് അയാളെ പിടിച്ചുവച്ചിരിക്കുകയാണെന്നും അതുകൊണ്ടാണ് അയാൾക്ക് വീടിനെപ്പറ്റി ചിന്തയില്ലാത്തതെന്നും ഏഷണിക്കാരിയായ മുത്തശ്ശിയുടെ പറച്ചിൽകൂടിയാകുമ്പോൾ ഭർത്താവിനോടുള്ള കോപം ഇരട്ടിക്കുന്നു. അങ്ങനെയിരിക്കെ ഒരു വിവാഹ ചടങ്ങിൽ പങ്കെടുക്കാനായി ഭർത്താവായ ഗോവിന്ദൻ വീട്ടിലേക്ക് വരുന്നു. ഉർവ്വശിചമഞ്ഞു നടക്കുന്ന വെപ്പുകാരിയുമായി ബന്ധം പുലർത്തുന്ന ഭർത്താവിനെ കുഞ്ചുക്കുട്ടി കഠിനമായ ദേഷ്യത്തോടെയാണ് സ്വീകരിക്കുന്നത്. ബാക്കിയുള്ളത് തിരക്കഥയിൽ നിന്നുതന്നെ വായിക്കാം:

*നീരസത്തോടെ കുഞ്ചുക്കുട്ടി അകത്തുവരുന്നു.*

*ഗോവിന്ദൻ: (ചിരിച്ച്) ഷർട്ടും മുണ്ടുമൊക്കെ വച്ചു. വേഷ്ടി എടുത്തില്ല. അത് മറന്നു, തിരക്കിൽ.*

*ദേഷ്യവും ദുഃഖവുമായി, കുഞ്ചുക്കുട്ടി: അത് മാത്രല്ല മറക്ക്ണ്....ഇവിടെ ഞങ്ങളാച്ചെലര് ആവശ്യതാന്നാവും! എല്ലാം തെകഞ്ഞ ഒന്നിനെ അവടെ കൊണ്ടന്ന് പ്രതിഷ്ഠിച്ചിട്ടുണ്ടല്ലോ...*

*ഗോവിന്ദൻ: ആര്ടെ കാര്യാ നീയ് പറേണ്? എനിയ്ക്ക് മനസ്സിലാവ്ണില്ല. അവടെ ആരാ എനിയ്ക്ക്?*

*അവൾ ദുഃഖത്തോടെ കണ്ണുതുടയ്ക്കുന്നു. അയാൾക്ക് അരിശമാണ് തോന്നിയത്.*

*ഗോവിന്ദൻ: അന്യനാട്ടില് ഒറ്റയ്ക്ക് കഴിയാൻ ഇഷ്ടംണ്ടായിട്ടല്ല. അവടെ വന്ന് നിൽക്കാൻ പറയുമ്പോ കൃഷീടേം തറവാട്ട് ഭരണത്തിന്റേം കാര്യം എടുത്തിടും. (കയർത്ത്) എന്ത് തറവാട്? എന്ത് ഭരണം? കൊല്ലത്തോട് കൊല്ലം ചാക്കരി വാങ്ങാതെ ഉണ്ണാൻള്ള വകേംകൂടി ഇല്ലാത്തോരാ ഈ വലിപ്പം പറേണ്!*

*വാതിലിനപ്പുറം ഒരു സ്ത്രീരൂപം.*

*സ്ത്രീ: ഞാനൊന്ന് വീട്ടിൽ പോയി വരട്ടെ, ആവോ?*

*കുഞ്ചുക്കുട്ടി: ആരാത്? ആരാ?*
*വാതിലിനപ്പുറം ഒരു മുഷിഞ്ഞ, വിലകുറഞ്ഞ സാരി ചുറ്റി വളരെ വിരൂപയായ, കോന്ത്രമ്പല്ലുള്ള ഒരു കറുത്ത് മെലിഞ്ഞ സ്ത്രീ, മുപ്പത്-മുപ്പത്തഞ്ച് പ്രായം.*
*ഗോവിന്ദൻ: കല്യാണല്ലേ? ഊണ് കഴിഞ്ഞ് പോയാൽ മതി പാറോ.*
*കുഞ്ചുക്കുട്ടി നോക്കുന്നു.*
*ഗോവിന്ദൻ: അക്കരേന്ന് ആരോ വെപ്പ് പണിയ്ക്ക് കൊണ്ടാക്കിത്തന്നതാ. വന്ന മുതൽക്ക് അതിന് ദീനം...ഇനി ചെക്കമ്മാരെ ആരെങ്കിലും നോക്കണം. അതേ പറ്റൂ.*
*അൽപ്പം മുടന്തുള്ള ആ സ്ത്രീ ഇടനാഴിയിലൂടെ പോകുന്നത് കണ്ട് കുഞ്ചുക്കുട്ടി നടുങ്ങി നിൽക്കുന്നു. പിന്നെ അവർ കുറ്റബോധത്തോടെ കരയാൻ തുടങ്ങുന്നു.*
*ഗോവിന്ദൻ: എന്താ?*
*കരച്ചിലടക്കി ചിരിക്കാൻ ശ്രമിച്ച്, ചിരിയും കരച്ചിലുമായി, കുഞ്ചുക്കുട്ടി: ഒന്നൂല്യ, വെളക്കോടത്തെ എച്ച്മൂന്റെ മകളാണോ ഇത്?*
*ഗോവിന്ദൻ: ഏത് എച്ച്മൂ? വീട്ടുപേരൊന്നും ഞാൻ ചോദിച്ചിട്ടില്ല. പോണംന്ന് അതന്നെ ഇങ്ങട്ട് പറഞ്ഞു. (സ്വരം താഴ്ത്ത്) വൃത്തില്ല. ഇത് വെച്ചിണ്ടാക്കിയാൽത്തന്നെ മനസ്സിൽ പിടിയ്ക്കില്ല.*

*കുഞ്ചുക്കുട്ടി ഒന്നും പറയാനാവാതെ വിഷമിക്കുന്നു. സ്ഥലവും സമയവും പറ്റിയതല്ലാത്തതുകൊണ്ട് അവൾ ഭർത്താവിനെ കെട്ടിപ്പിടിക്കുന്നില്ല എന്നു മാത്രം.*

ഒരു കഥാപാത്രത്തിന്റെ സംശയം ദൂരീകരിക്കാനും മറ്റൊരു കഥാപാത്രത്തെ ഉദാത്തീകരിക്കാനും വേണ്ടി തിരക്കഥാകൃത്തും സംവിധായകനും ഒരു മനുഷ്യജീവിയെയാണ് ഉപയോഗിക്കുന്നത്. മേശയോ കസേരയോ പോലെ ഒരു മനുഷ്യജീവി വെറുമൊരു പ്രോപ്പർട്ടിയാവുകയാണ്. ആ നിസ്വയായ സ്ത്രീയെപ്പറ്റി പറയുമ്പോൾ 'അത്' എന്ന് വസ്തുക്കളെ പറയുന്നതുപോലെയുള്ള പ്രയോഗമാണ് മലയാളത്തിന്റെ മഹാനായ കഥാകാരൻ നടത്തുന്നത്. സിനിമ ഒരുക്കിയവരുടെയും സമീപനം ആ കഥാപാത്രം ഉപയോഗിക്കുന്ന ഭാഷയിൽ നിന്നും വേറിട്ടതല്ലെന്ന് സിനിമ മുഴുവൻ കണ്ടാൽ വ്യക്തമാകും. കുഞ്ചുക്കുട്ടി സന്തോഷിക്കുന്നത് വെപ്പുകാരി 'എല്ലാം തികഞ്ഞവളല്ല' എന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ്. അവൾ കറുത്തവളും മെലിഞ്ഞവളും കോന്ത്രമ്പല്ലുള്ള വിരൂപയും മുടന്തിയുമാണ്. ചോറു വേവിക്കാൻ കലം ഉണ്ടാക്കിക്കൊടുക്കുന്നവന്റെ ജാതിപ്പേരിനെ തെറിയാക്കി മാറ്റി 'പോടാ കൊശവാ' എന്ന് ദേഷ്യം വരുമ്പോൾ പ്രതിയോഗികൾക്കെതിരെ ഉപയോഗിക്കുന്നവരാണ് മലയാളിയെന്നും ഈ സംസ്കാരമുള്ള മലയാളി ഒരിക്കലും ഗുണം പിടിക്കാൻ പോകുന്നില്ലെന്നും പണ്ട് എം.വി. ദേവൻ ശപിച്ചത് ഇത്തരത്തിലുള്ള വിശ്വോത്തര സാഹിത്യകാരന്മാരെക്കൂടി കണക്കിലെടുത്താവാം.

ആദർശവാദിയായ നായകൻ, പണ്ട് തന്റെ മുഖം ക്ഷൗരം ചെയ്തുതന്നയാൾ മന്ത്രിക്കസേരയിൽ എത്തിയ 'കലികാല വൈഭവം' കണ്ട് ആത്മരോഷം കൊള്ളുന്നത് ഐ.വി. ശശിയുടെ 'ഈനാട്' എന്ന സിനിമയിൽ കാണാം. കേരളത്തിൽ ഏറ്റവും കൂടുതൽ പേർ കണ്ട രാഷ്ട്രീയ ചിത്രമാണുപോലും 'ഈനാട്'.

ആദർശവാദിയായ നായകൻ, പണ്ട് തന്റെ മുഖം ക്ഷൗരം ചെയ്തുതന്നയാൾ മന്ത്രിക്കസേരയിൽ എത്തിയ 'കലികാല വൈഭവം' കണ്ട് ആത്മരോഷം കൊള്ളുന്നത് ഐ.വി. ശശിയുടെ 'ഈനാട്' എന്ന സിനിമയിൽ കാണാം. കേരളത്തിൽ ഏറ്റവും കൂടുതൽ പേർ കണ്ട രാഷ്ട്രീയ ചിത്രമാണുപോലും 'ഈനാട്'. താൻ വാങ്ങിയിട്ടുള്ള തോട്ടത്തിൽ ജോലിക്ക് നിർത്തിയിട്ടുള്ള കറുമ്പനും കുള്ളനും കാപ്പിരി മുടിക്കാരനുമായ തമിഴനെ നായകൻ ചുമ്മാ തൊഴിക്കുന്നതും അങ്ങോട്ടുമിങ്ങോട്ടുമിട്ട് ഓടിക്കുന്നതും മൃഗങ്ങളോടെന്നപോലെ കയർക്കുന്നതും സത്യൻ അന്തിക്കാടിന്റെ 'സ്നേഹവീട്' എന്ന സിനിമയിൽ കാണാം. പ്രിയദർശന്റെ സിനിമകളിൽ, പൊതുരംഗത്തുള്ള ദളിതൻ (ബോർഡ്മെമ്പറോ, രാഷ്ട്രീയ നേതാവിന്റെ പിണിയാളോ ഒക്കെയായ) അകത്ത് ഇട്ടിട്ടുള്ള വെളുത്ത ബനിയൻ വ്യക്തമായി കാണാവുന്ന വിധം നേർമ്മതയുള്ള കടുംനിറ ജുബ്ബ ധരിച്ച അല്പനായിരിക്കും.

ഇതെല്ലാം ഒറ്റയടിക്ക് ഓർക്കാൻ കാരണമായത് രാജീവ് രവിയുടെ 'കമ്മട്ടിപ്പാടം' ആണ്. ദളിത് വിരുദ്ധ പരാമർശങ്ങൾ കൊണ്ട് മലയാള സിനിമ സമ്പന്നമാണെങ്കിലും ആ വിഭാഗത്തെ അവഹേളിക്കുന്ന മുഴുനീള ചിത്രം ഒരുപക്ഷെ ഇതായിരിക്കും. അപ്പോഴും 'കറുത്ത ശരീരങ്ങളുടെ ആഘോഷം' എന്നും 'ദളിത് ഉടലുകൾ പ്രാധാന്യത്തോടെ പ്രത്യക്ഷപ്പെടുന്നു' എന്നുമുള്ള പ്രകീർത്തനങ്ങളാൽ സിനിമ സാമ്പത്തിക വിജയത്തിലേക്ക് കുതിക്കുകയാണ്. ചെങ്ങന്നൂർ മാണിക്യന്റെ മുട്ട പുഴുങ്ങിയ കഥയെപ്പോലെ നാഗരിക പ്രേക്ഷകർ

⇨ ജുറാസിക് പാർക്ക് കാണുന്ന അനുഭവമാണ് കമ്മട്ടിപ്പാടത്തിന്റെ പ്രേക്ഷകർക്ക് ലഭിക്കുക ⇨



ക്ക് ചിരിച്ചുമറിയാനുള്ള വിഭവങ്ങൾ ഇതിൽ വേണ്ടത്രയുണ്ട്.

പരിണാമദശ പിന്നിട്ടിട്ടില്ലാത്ത സവിശേഷമായ ജന്തുവർഗ്ഗമാണ് കേരളത്തിലെ ദളിതർ എന്നാണ് കമ്മട്ടിപ്പാടം കണ്ടാൽ തോന്നുക. അവർ അത്രമാത്രം അപരിഷ്കൃതരും ഒരുതരത്തിലുള്ള മൂല്യബോധവും വെച്ചുപുലർത്താത്തവരുമാണ്. ഏതുതരത്തിലുള്ള ക്രൂര പ്രവൃത്തികൾ ചെയ്യാനും അവർക്ക് മടിയില്ല. രൂപ വൈകൃതം മാത്രമല്ല പെരുമാറ്റ വൈകൃതവും അവരുടെ കൂടപ്പിറപ്പാണ്. പാരമ്പര്യമായിത്തന്നെ അവർ കോന്ത്രമ്പല്ലുകാരാണ്. അച്ചാച്ഛനേക്കാൾ കൂടുതൽ അച്ഛനും അച്ഛനേക്കാൾ കൂടുതൽ മൂത്തമകനും അയാളേക്കാൾ വലിയ തോതിൽ ഇളയ മകനും കോന്ത്രമ്പല്ല് കിട്ടിയിട്ടുണ്ട്. (ജാനകിക്കുട്ടിയിലെ അടുക്കളക്കാരിക്ക് കോന്ത്രമ്പല്ല് മാത്രമല്ല, മുടന്തുമുണ്ട്). വായ വൃത്തിയാക്കുന്ന പരിഷ്കൃത രീതിയിലേക്ക് എത്തിയിട്ടില്ലാത്തതുകൊണ്ടാകാം പല്ലുകൾ എച്ചിൽ നിറഞ്ഞതും മഞ്ഞ നിറമാർന്നുമിരിക്കുന്നത്. പശ്ചിമഘട്ട മലനിരകളുടെ താഴ്‌വരകളിൽ നിന്ന് പടിഞ്ഞാറുമാറി എറണാകുളത്തിന്റെ നഗരപ്രാന്തങ്ങളിലാണ് 'ഇവയെ' കണ്ടുവരുന്നത്. ഈ വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്ന ബാലേട്ടനും സഹോദരൻ ഗംഗയുമാണ് കമ്മട്ടിപ്പാടത്തിലെ പ്രധാന കഥാപാത്രങ്ങൾ. നായകനാകാൻ ലക്ഷണയുക്തനായ, 'എല്ലാം തികഞ്ഞ' വേറൊരാളുണ്ട്. ത്യാഗിയും രക്ഷകനും നാഗരികനും പരിഷ്കൃതനുമായ അദ്ദേഹത്തിന്റെ കണ്ണുകളിലൂടെയാണ് സിനിമ ആവിഷ്കരിക്കപ്പെടുന്നത്. ബാലേട്ടനും ഗംഗയും സിനിമാ തീയേറ്ററിൽ ബ്ലാക്കിൽ ടിക്കറ്റ് വിറ്റും ആർക്കുവേണ്ടിയും ആരെ വേണമെങ്കിലും വെട്ടിയും കുത്തിയും സ്പിരിറ്റു മാഫിയയ്ക്ക് കുടപിടിച്ചും ജീവിക്കുന്നു. തങ്ങൾ വികൃതജീവികളാണ് എന്ന തോന്നലുള്ളതുകൊണ്ട് അപകർഷതാബോധം അവരെ എപ്പോഴും പിന്തുടരുന്നു. ഭാര്യയെക്കുറിച്ച് പരാമർശം വന്നപ്പോൾ, സുന്ദരിമാരെയൊന്നും കല്ല്യാണം കഴിക്കേണ്ടെന്നാണ് പ്രേമിച്ച് വിവാഹം ചെയ്ത സ്ത്രീയുടെ മുന്നിൽവച്ച് പ്രധാന കഥാപാത്രങ്ങളിൽ ഒന്നായ ബാലേട്ടൻ അനിയൻ ഗംഗയ്ക്ക് കൊടുക്കുന്ന ഉപദേശം. ഗംഗയാകട്ടെ, മുറപ്പെണ്ണിനെ സ്നേഹിക്കുകയും ഏറെക്കാലം ഒരു വീട്ടിൽ ഒന്നിച്ചു ജീവിക്കുകയും ചെയ്തിട്ടും അവളെ സ്പർശിച്ചിട്ടുപോലുമില്ല. മലയാള സിനിമകൾ കണ്ട് കിട്ടിയ പരിശീലനത്തിൽ നിന്നാകാം അയാൾ സുന്ദരനായ സുഹൃത്തിന് അനാഘ്രാതകുസുമമായിത്തന്നെ അവളെ ഏൽപ്പിക്കുന്നത്. അവളോട് സുഹൃത്തിന് ചെറുപ്പം മുതലേ അടുപ്പമുണ്ടെന്ന് അറിയാവുന്ന അയാൾ പറയുന്നതിങ്ങനെ: "അവൾ നിനക്കുള്ളതാടാ...!"

ജുറാസിക് പാർക്ക് കാണുന്ന അനുഭവമാണ് കമ്മട്ടിപ്പാടത്തിന്റെ പ്രേക്ഷകർക്ക് ലഭിക്കുക. ദിനോസറുകളുടെ പലതരത്തിലുള്ള ചേഷ്ടകൾ പോലെ ദളിതരുടെ ചേഷ്ടകളേയും വിസ്തരിച്ച് കാണാം. സിനിമാ തീയേറ്ററിൽ ടിക്കറ്റ് കരിഞ്ചന്തയിൽ വിൽക്കുന്ന ബാലേട്ടന്റെ പ്രകടനം സിനിയമയുടെ ഹൈലൈറ്റ് ആണ്. അടിവസ്ത്രം മാത്രം ധരിച്ച് നൂറുകണക്കിന് ആളുകളുടെ മധ്യത്തിൽ വച്ച് അടിപിടി കൂടാനുള്ള ലജ്ജയില്ലായ്മ ദളിതന് മാത്രം സ്വന്തം. പല തല്ലുകാരുടെയും പേടിസ്വപ്നമായ ഒരു കരാട്ടെ വിദഗ്ധനെ ഒരു കാര്യവും ശാസ്ത്രീയമായി അഭ്യസിച്ചിട്ടാത്ത ബാലേട്ടൻ നിലംപരിശാക്കുന്നുണ്ട്. അയാൾക്ക് അത് സാധിക്കുന്നത് അയാളിലെ അപരിഷ്കൃതന്റെ ഊറ്റംകൊണ്ടു മാത്രമാണ്.

കുടുംബ ബന്ധങ്ങളുടെയും സ്നേഹബന്ധങ്ങളുടെയും കാര്യത്തിൽ ഇവർ ഗുഹാ മനുഷ്യർക്കും പിറകിലാണ്. സ്നേഹിച്ച പെ

ണ്ണിന്റെ കൈയും പിടിച്ച് വീട്ടിലേക്ക് കയറി വരുന്ന ബാലേട്ടനെ അമ്മ വാതിലിനടുത്ത് വെച്ച് തടയുന്നു. അവൾ അന്യമതക്കാരിയായതിനാൽ ഈ വീട്ടിൽ പൊറുക്കാൻ സമ്മതിക്കില്ലെന്ന് അമ്മ പറയുന്നു. ഇത് കേട്ടതും 'പോ, തള്ളേ...' എന്നും പറഞ്ഞ് ആദ്യമായി വീട്ടിലേക്ക് കയറിവരുന്ന വധു അമ്മയുടെ കഴുത്തിൽപ്പിടിച്ച് മുറ്റത്തേക്ക് തള്ളിയിടുന്നു. താഴേക്ക് മലർന്നുവീണ അമ്മ അവിടെ കിടന്ന് അലമുറയിടുമ്പോൾ മകൻ ഒരു കൂസലുമില്ലാതെ ഭാര്യയോടൊപ്പം വീടിനകത്തേക്ക് കയറിപ്പോകുന്നു. തീയേറ്ററിനകത്ത് ഏറ്റവും കൂടുതൽ ചിരിയുണ്ടാക്കിയ ഭാഗം ഇതാണെന്നറിയുമ്പോഴാണ് ഒരു ജനതയുടെ സംസ്കാരത്തെക്കുറിച്ച് തന്റെ പ്രേക്ഷകർക്ക് പറഞ്ഞുകൊടുക്കുന്ന സംവിധായകനേയും അതെല്ലാം അതേ അർത്ഥത്തിൽ സ്വീകരിക്കുന്ന പ്രേക്ഷകനേയും പറ്റി മനസ്സിലാക്കാനാവുക.

കലയും സംഗീതവും സംസ്കാരവുമൊക്കെ അദ്ധ്വാനിക്കുന്ന ജനതയുടെ വിയർപ്പിൽ നിന്നാണ് ഉരുവപ്പെട്ടുവന്നതെന്ന് ചരിത്രകാരന്മാരും ഗവേഷകരും പറയുന്നു. അതെന്തായാലും കമ്മട്ടിപ്പാടത്തെ ജനതയ്ക്ക് അതിൽ ഒരു പങ്കും ഉണ്ടാകാനിടയില്ല. സിനിമയിൽ ഗംഗ ഉത്സവപ്പറമ്പിലെ സ്റ്റേജിൽ മൈക്കിൾ ജാക്സന്റെ നൃത്തം അവതരിപ്പിക്കുന്നുണ്ട്. കോന്ത്രമ്പല്ലുള്ള ഗംഗയെ കൂളിംഗ് ഗ്ലാസും ജീൻസും ധരിപ്പിച്ച് കോമാളിയാക്കി മാറ്റി പ്രേക്ഷകരെ ചിരിപ്പിക്കുന്ന സീനിന് ആലുംമൂടന്റെയോ പട്ടം സദന്റെയോ കാലത്തെ പഴക്കമണമുണ്ട്. ഉയർന്നു നിൽക്കുന്ന പല്ലുകൾക്കിടയിൽ പുൽക്കൊടിയിട്ട് കടിച്ചുകൊണ്ടുള്ള ബാലേട്ടന്റെ പ്രണയരംഗത്തിനും ഇത് ബാധകമാണ്. രണ്ടിടത്തും പ്രേക്ഷകർ മതിമറന്ന് രസിക്കുന്നുണ്ട്. സിനിമയുടെ കൾച്ചർ കൃത്യമായി പറഞ്ഞുകൊടുത്തതുകൊണ്ടോ ശരിയായി മനസ്സിലായതുകൊണ്ടോ എന്നറിയില്ല അൻവർ അലി എഴുതിക്കൊടുത്ത ഗാനത്തിലും പുലയാട്ടു വർത്തമാനം വന്നിരിക്കുന്നു.

നഗരത്തിലെ ഏത് തീയേറ്ററിനോടും കിടപിടിക്കാവുന്ന വിധം പുതുക്കിപ്പണിത ഗ്രാമത്തിലെ തീയേറ്ററിലാണ് കമ്മട്ടിപ്പാടം കാണാൻ ആദ്യം പോയത്. അരമണിക്കൂറോളം ക്യൂവിൽ നിന്നു. മുൻപിൽ ഇരുപത് പേർ മാത്രമേയുള്ളൂ. നഗരത്തിൽ നിന്നും കൂറ്റൻ കാറുകളിൽ ഹൈക്ലാസ് ഓഡിയൻസ് തീയേറ്ററിനകത്തേക്ക് ഒഴുകിക്കൊണ്ടേയിരുന്നു. സ്വന്തം ഭൂമി വൻകിട നിർമ്മിതികൾക്ക് വേണ്ടി ഒഴിഞ്ഞുകൊടുക്കാൻ നിർബന്ധിക്കപ്പെടുകയും ജീവിതോപാധികൾ നഷ്ടപ്പെട്ട് റിയൽ എസ്റ്റേറ്റ് മാഫിയകൾക്കും സ്പിരിറ്റ് രാജാക്കന്മാർക്കും വേണ്ടി ക്വട്ടേഷൻ പണി ഏറ്റെടുക്കേണ്ടി വരുകയും ചെയ്ത തദ്ദേശീയരെക്കുറിച്ചാണ് സിനിമയെന്ന് കേട്ടിരുന്നു. നഗരത്തിൽ നിന്നും ഇത്രയധികം പ്രേക്ഷകരുടെ ഒഴുക്കുണ്ടാകാൻ എന്തായിരിക്കാം കാരണമെന്നും അവർക്ക് ഹരമുണ്ടാക്കുന്ന എന്തായിരിക്കാം ഈ സിനിമയിലെന്നും സംശയം തോന്നി. അതിനിടയിൽ ക്യൂ നീങ്ങിത്തുടങ്ങി. 15 പേർക്ക് ടിക്കറ്റ് കൊടുത്തുകഴിഞ്ഞപ്പോൾ കൗണ്ടർ ക്ലോസ് ചെയ്തു. ഇന്റർനെറ്റ് വഴി ഭൂരിഭാഗം ടിക്കറ്റുകളും നേരത്തെ ബുക്ക് ചെയ്ത് കഴിഞ്ഞിരുന്നു. ടിക്കറ്റെടുക്കാനായി മുന്നിൽ നിന്നിരുന്ന പരിചയക്കാരായ ദളിത് ദമ്പതികൾ തങ്ങളുടെ തലയ്ക്കുമീതേ കൂടി സിനിമാ ടിക്കറ്റുകളും കൊയ്തെടുത്തുപോകുന്നതിന്റെ സൂത്രം മനസ്സിലാകാതെ തീയേറ്ററിന് തൊട്ടടുത്തുള്ള വീട്ടിലേക്ക് നിരാശയോടെ നടന്നുനീങ്ങുന്നതു കണ്ടു.

കമ്മട്ടിപ്പാടം തദ്ദേശീയരായ സാധാരണ മനുഷ്യരുടെ കഥയാണ്. ഇതെടുത്തിട്ടുള്ളത് പക്ഷെ അവർക്ക് കാണാൻ വേണ്ടിയല്ല. അവരുടെ ഭൂമി പലവിധ തന്ത്രങ്ങളാലും സൂത്രങ്ങളാലും ചതികളാലും തട്ടിയെടുത്ത് അംബരചുംബികൾ തീർത്തവർക്ക് അവിടെയിരുന്ന് രസിക്കാൻ വേണ്ടിയെടുത്ത സിനിമയാണ്. തങ്ങളുടേതാക്കി മാറ്റിയ ഭൂമിയിൽ പൂർവ്വകാലത്ത് അതേ സ്ഥലത്ത് ജീവിച്ചിരുന്ന വികൃതജന്തുക്കളുടെ പ്രകടനങ്ങൾ സ്ക്രീനിൽ കണ്ട് അവർ ആർത്തുചിരിക്കുന്നു. ഒരു ജുറാസിക് യുഗത്തിൽ അവർ ആഹ്ലാദത്തോടെ മൂന്നേകാൽ മണിക്കൂർ ചിലവഴിക്കുന്നു. സിനിമയുടെ അവസാന ഭാഗത്ത് തന്റെ ജീവിതം കൂടി അലിഞ്ഞുചേർന്ന ഫ്ളാറ്റിന്റെ മുകളിലെ നിലയിലെ സുരക്ഷിതത്വത്തിലിരുന്ന് 'ഞാൻ ഇനി ഇവുടുന്ന് പോണില്ല' എന്ന് ഗംഗ പറയുമ്പോൾ മാത്രം അവർ പേടിക്കുന്നു. റോഡുകളിലും ഓടകളിലും കൂറകൾ ഓടി നടന്നുകൊള്ളട്ടെ. പക്ഷെ അവ തങ്ങൾ കിടക്കുന്നിടത്തും ഇരിക്കുന്നിടത്തും കയറി വന്ന് വൃത്തികേടാക്കുന്നത് എങ്ങനെ സഹിക്കും. അതുകൊണ്ട് അവയെ ഇല്ലാതാക്കുക തന്നെയാണ് വേണ്ടത്. ഗോൾഫ് സ്റ്റിക്കുകൊണ്ട് ആഞ്ഞടിച്ച് ഗംഗയെ ഇല്ലാതാക്കുന്നതോടെ അവർ ആശ്വാസം കൊള്ളുന്നു. ഒരു വാട്ടർതീം പാർക്കിൽ പോയതുപോലുള്ള ഉത്സാഹത്തിമിർപ്പോടെ കാണികൾ കപ്പലണ്ടിയും പോപ്കോണും കഴിച്ച് തീയേറ്റർ വിടുന്നു.

നവോത്ഥാന മുന്നേറ്റങ്ങളും സാമൂഹിക പ്രസ്ഥാനങ്ങളും രാഷ്ട്രീയ പാർട്ടികളും ലോകത്ത് ആദ്യമായി ബാലറ്റിലൂടെ അധികാര

ത്തിലെത്തിയ കമ്മ്യൂണിസ്റ്റ് സർക്കാരും കടന്നുപോയിട്ടും കേരളത്തിലെ ദളിതർ ഒതുങ്ങിയൊതുങ്ങി എത്തിപ്പെട്ടത് മൂന്ന് സെന്റിലേക്കാണ്. നഗരം വളരുമ്പോൾ ആ മൂന്നു സെന്റും വിട്ടുകൊടുക്കേണ്ടി വന്നവനാണ്. മാത്രമല്ല, വിട്ടുകൊടുക്കാൻ വിസമ്മതിക്കുന്നവരെ വെട്ടിയും കൊന്നും അതിന് പാകപ്പെടുത്തിയെടുക്കണം. അതേ സ്ഥലത്ത് ഉയരുന്ന കെട്ടിടങ്ങളുടെ നിർമ്മാണ തൊഴിലാളിയായും അയാൾ തന്നെ വേണം. സിനിമാ തീയേറ്ററുകളും ഷോപ്പിംഗ് മാളുകളും മൾട്ടിപ്ലക്സുകളും ഉയർന്നു കഴിഞ്ഞാൽ അതിന്റെ വാതിൽ തുറന്നുകൊടുക്കാൻ യൂണിഫോമണിഞ്ഞ സെക്യൂരിറ്റിക്കാരനായും അയാളെ ആവശ്യമുണ്ട്. ഇത്രയും പോരാ, കലാകാരനുള്ള പങ്കു കൂടി തരണം എന്നാണ് 'കമ്മട്ടിപ്പാടം' പറയുന്നത്. ഈ തീയേറ്ററുകളിലും മൾട്ടിപ്ലക്സുകളിലും കളിക്കുന്ന സിനിമകളുടെ പ്രമേയമായും അയാൾ ജീവിതം വിട്ടുതരണം. ചത്തുകഴിഞ്ഞാലും അതിനുള്ളിലെ ചരിത്രം കൂടി കമ്പോളത്തിൽ വച്ചിട്ടേ ശവം ഉപേക്ഷിക്കൂ.

ഒരു ബാർബർക്ക്, ദളിതന്, ഇതരസംസ്ഥാന തൊഴിലാളിക്ക്, തെങ്ങുകയറ്റക്കാരന്, മണ്ണിൽ പണിയെടുക്കുന്നവന്, ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് തങ്ങൾക്ക് അവഹേളനമോ അപമാനമോ ഈ സിനിമയിൽ നിന്ന് ഉണ്ടാകില്ല എന്ന് ഉറപ്പുകൊടുക്കുന്ന വിധത്തിൽ A,U എന്നീ സർട്ടിഫിക്കറ്റുകൾ പോലെയുള്ള എന്തെങ്കിലും ഏർപ്പെടുത്തേണ്ടി വരുമോ? 'ഈ സിനിമയുടെ ചിത്രീകരണത്തിന് വേണ്ടി മൃഗങ്ങളെ ഉപദ്രവിച്ചിട്ടില്ല' എന്ന് എഴുതിക്കാണിക്കുന്ന സമ്പ്രദായം ഇപ്പോൾത്തന്നെയുണ്ട്. അതുപോലെ 'ഈ ചിത്രത്തിൽ ദളിതർ, ബാർബർ തുടങ്ങിയവരെ അവഹേളിക്കുന്നില്ല' എന്നെഴുതിക്കാണിക്കാൻ സംവിധായകരെ നിർബന്ധിക്കേണ്ട അവസ്ഥ ഭാവിയിൽ വന്നുകൂടായ്കയില്ല.

> ഉദാഹരണത്തിന് ഒരാളുടെ വയറ്റിൽ കഠാരികൊണ്ട് കുത്തേണ്ടി വന്നു എന്നു വിചാരിക്കുക. അയാൾ ചാകണമെന്നില്ല!. കുത്തിയതിന് ശേഷം അതേ സ്ഥലത്ത് വച്ച് കഠാര ഒന്നു തിരിക്കണം. എങ്കിലേ ഉള്ളിലുള്ള കുടല് മുറിയൂ. പലർക്കും ഇത്തരം കാര്യങ്ങളൊന്നും അറിയില്ല. സിനിമ വിനോദത്തിന് മാത്രമല്ല, വിദ്യാഭ്യാസത്തിന് കൂടി ഉതകണമല്ലോ. ഇത് വെറുതെ പറയുക മാത്രമല്ല കമ്മട്ടിപ്പാടത്തിൽ ചെയ്യുന്നത്. കത്തി ഒരു വാഴയിൽ കുത്തിയിറക്കി തിരിച്ചുകാണിക്കുന്ന ഡെമോൺസ്ട്രേഷനും സംവിധായകൻ ഒരുക്കിയിരിക്കുന്നു.

കമ്മട്ടിപ്പാടം തരുന്ന ആനന്ദം സനൽകുമാർ ശശിധരന്റെ 'ഒഴിവുദിവസത്തെ കളി'യിൽ നിന്നും കിട്ടില്ല. യാതനയനുഭവിക്കുന്നവരോട് ചേർന്നു നിൽക്കുന്ന സിനിമയാണത്. ചക്കയിടാനും കോഴിയെക്കൊല്ലാനും വെച്ചുവിളമ്പാനും നിങ്ങൾക്ക് ദളിതനേയും സ്ത്രീയേയും വേണം. നിങ്ങൾ തന്നെ അവരെ കാര്യത്തിലായാലും കളിയിലായാലും അവസാനിപ്പിക്കുകയും ചെയ്യും. നിങ്ങൾക്ക് ഭക്ഷണമാകുന്ന കോഴി ചിറകടിച്ച് നീണ്ട പിടച്ചിൽ നടത്തിയിട്ടാണ് ജീവൻ വെടിയുക. അത്രപോലും നിങ്ങളെ അലോസരപ്പെടുത്താതെ, ഒന്നു പിടയുകപോലും ചെയ്യാതെയാണ് ദളിതരും സ്ത്രീകളും നിങ്ങൾക്ക് വേണ്ടി ജീവിക്കുന്നതും അവസാനിക്കുന്നതും. കൺമുന്നിൽ നിരന്തരം നടക്കുന്ന വിവേചനം കാണാതെ അപ്പോഴും നിങ്ങൾ ഏതോ രാഷ്ട്രീയത്തെപ്പറ്റിയും സമൂഹത്തെപ്പറ്റിയും വായിട്ടലയ്ക്കുകയാണ്. ടെലിവിഷൻ യന്ത്രം ചെയ്യുന്ന അതേ പണി. ഇവിടെ ഫാസ്റ്റ് കട്ടിംഗ് ഒന്നുമുണ്ടാകില്ല. നീണ്ട ഷോട്ടുകളും നിശ്ചലദൃശ്യങ്ങളുമേ കാണൂ. കലപില രാഷ്ട്രീയത്തിന്റെ കോലാഹലങ്ങൾക്ക് ഇടയിലാണെങ്കിലും ഉറഞ്ഞുപോയ ഒരു കാലത്തെപ്പറ്റി പറയുമ്പോൾ അങ്ങനെയേ പറ്റൂ. അതിനാൽ കുറ്റബോധം കൊണ്ട് കുനിഞ്ഞ ശിരസ്സുമായേ തീയേറ്റർ വിടാനാകൂ. ആന്തരികമായ മുറിവുകളേൽക്കാൻ അധികം പേർ തയ്യാറാകില്ലെന്നറിയുന്ന തീയേറ്റർ മാനേജർ ഈ മാതിരിയുള്ള കളി ഇവിടെ പറ്റില്ലെന്ന് പറയും. ഒഴിവു ദിവസം നോക്കി ഏതെങ്കിലും വായനശാലയിലോ മൈതാനത്തോ പോയി കളിക്കാൻ പറയും. തീയേറ്ററിൽ കളിക്കാൻ മാംസത്തിൽ മുറിവുണ്ടാക്കി രക്തം ചീറ്റിക്കുന്ന കമ്മട്ടിപ്പാടം പോലുള്ള ധാരാളം സിനിമകളുണ്ട്. മാനേജർ കാണിക്കാൻ ഇഷ്ടപ്പെടുന്ന ഇത്തരം സിനിമകൾ കണ്ടാൽ പ്രായോഗിക ജീവിതത്തിൽ ആവശ്യം വരുന്ന പല പാഠങ്ങളും പഠിക്കാം. ഉദാഹരണത്തിന് ഒരാളുടെ വയറ്റിൽ കഠാരികൊണ്ട് കുത്തേണ്ടി വന്നു എന്നു വിചാരിക്കുക. അയാൾ ചാകണമെന്നില്ല!. കുത്തിയതിന് ശേഷം അതേ സ്ഥലത്ത് വച്ച് കഠാര ഒന്നു തിരിക്കണം. എങ്കിലേ ഉള്ളിലുള്ള കുടല് മുറിയൂ. പലർക്കും ഇത്തരം കാര്യങ്ങളൊന്നും അറിയില്ല. സിനിമ വിനോദത്തിന് മാത്രമല്ല, വിദ്യാഭ്യാസത്തിന് കൂടി ഉതകണമല്ലോ. ഇത്

⇨ പന്നികൾ പെറ്റു പെരുകിയാൽ അവയെ ഇല്ലായ്മ ചെയ്യാൻ ചുമതലപ്പെട്ട പ്രത്യേക സമുദായമുണ്ട് ⇨



നാഗ്‌രാജ് മഞ്ജുളെ

വെറുതെ പറയുക മാത്രമല്ല കമ്മട്ടിപ്പാടത്തിൽ ചെയ്യുന്നത്. കത്തി ഒരു വാഴയിൽ കുത്തിയിറക്കി തിരിച്ചുകാണിക്കുന്ന ഡെമോൺസ്ട്രേഷനും സംവിധായകൻ ഒരുക്കിയിരിക്കുന്നു. അതുകൊണ്ട് ഏതുതരം സിനിമയാണ് ജീവിതത്തിൽ പ്രയോജനപ്പെടുക എന്നും ഏതാണ് ആത്മരക്ഷയ്ക്ക് ഉതകുക എന്നും തീരുമാനിക്കേണ്ടത് പ്രേക്ഷകൻ മാത്രമാണ്.

'ഒഴിവുദിവസത്തെ കളി' കണ്ട് ഇറങ്ങിവരുമ്പോൾ ശിരസ്സ് കുനിഞ്ഞുപോകുമെന്നേ ഉള്ളു. 'ഫാൻട്രി' എന്ന മറാഠി സിനിമ കൂടുതൽ അപകടകാരിയാണ്. സ്ക്രീനിൽ നിന്നും വലിച്ചെറിയപ്പെടുന്ന കല്ല് വീണ് മുഖം വീങ്ങാതിരുന്നെങ്കിൽ ഭാഗ്യം. (അതോടെ എന്താണ് വയലൻസ് എന്ന് ഒരു തുള്ളി ചോര കാണാതെ, ഒരു കത്തിമുന പോലുമില്ലാതെ നിങ്ങൾക്ക് മനസ്സിലാകും). നാഗ്‌രാജ് മഞ്ജുളെ സംവിധാനം ചെയ്ത ഈ സിനിമ കണ്ട് ആശ്വാസത്തോടെ മടങ്ങാമെന്ന് കരുതരുത്. കൗമാരക്കാരനും സ്കൂൾ വിദ്യാർത്ഥിയുമായ ദളിത് ബാലനാണ് അതിലെ നായകൻ. ഗ്രാമത്തിലെ ഓടകളിലോ പൊന്തക്കാടുകളിലോ പന്നികൾ പെറ്റു പെരുകിയാൽ അവയെ ഇല്ലായ്മ ചെയ്യാൻ ചുമതലപ്പെട്ട പ്രത്യേക സമുദായമുണ്ട്. അത്തരത്തിലുള്ള ഒരു കുടുംബത്തിലെ അംഗമാണ് അവൻ. ഒളിച്ചിരിക്കുന്ന പന്നികളെ കല്ലെറിഞ്ഞ് പുറത്തുചാടിച്ച് കുരുക്കുമായി ഓടിച്ചിട്ട് പിടിക്കുന്നത് ദയനീയമായ കാഴ്ചയാണ്. വൃദ്ധരായ അച്ഛനോടും അമ്മയോടുമൊപ്പം അവനും അതിൽ ഏർപ്പെടേണ്ടി വരുന്നു. കൂടെ സഹോദരിയുമുണ്ട്. ജീവനും കൊണ്ടോടുന്ന പന്നിയേക്കാൾ ദയനീയമാണ് ജന്മംകൊണ്ട് അതിനെ പിടിക്കാൻ നിയുക്തരായ അവന്റെ കുടുംബത്തിന്റെ അവസ്ഥ. ഒരിക്കൽ കുടുംബത്തോടെ പന്നി പിടുത്തത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴാണ് അവൻ പഠിക്കുന്ന സ്കൂൾ വിടുന്നത്. അവന്റെ സഹപാഠികൾ അടക്കം സ്കൂളിലെ കുട്ടികൾ ഈ കാഴ്ച കാണാൻ ചുറ്റും കൂടി. പന്നിയെ പിടിക്കുന്ന കാഴ്ചയിലെ രസം ആസ്വദിക്കാൻ ഉയർന്ന സമുദായത്തിൽപ്പെട്ടവരും എത്തിയിട്ടുണ്ട്. അവൻ ഇഷ്ടപ്പെടുന്ന പെൺകുട്ടിയടക്കമുള്ള വിദ്യാർത്ഥി സംഘത്തിന് മുന്നിൽ ഇത്തരം ജോലിയെടുക്കേണ്ടി വരുന്നതിന്റെ അപമാനഭാരം സഹിക്കാതെ അവൻ അവരുടെ കാഴ്ചയിൽ നിന്ന് മറഞ്ഞുനിൽക്കുന്നു. അതിൽ കുപിതനായ അവന്റെ അച്ഛൻ, ഒളിച്ചിരിക്കുന്ന പന്നിയെ എന്നപോലെ അവനെ കല്ലെറിഞ്ഞ് മറയിൽ നിന്ന് ചാടിക്കുന്നു. എല്ലാം ചേർന്ന് കാഴ്ച്ചക്കാർക്ക് ബഹുരസം. പന്നിയെപ്പിടിച്ച് ഒരു കമ്പിൽ ബന്ധിച്ച് സഹോദരിയോടൊപ്പം തോളിലേറ്റി പോകുമ്പോൾ സവർണ്ണ യുവാക്കളുടെ സംഘത്തിൽ നിന്നൊരാൾ അവനെ പരിഹസിച്ച് ചിരിക്കുന്നു. പന്നിയെ എറിയുന്ന പോലെ കയ്യിൽ കിട്ടിയ കല്ലെടുത്ത് അവൻ അയാളുടെ മുഖത്തേക്കെറിയുന്ന ദൃശ്യത്തോടെ സിനിമ നിൽക്കുന്നു. തുടർന്ന് മാംസം ചതഞ്ഞ ശബ്ദം ഇരുട്ടിൽ നിന്ന് കേൾക്കാം. അറിയാതെ നിങ്ങൾ സ്വന്തം മുഖത്ത് തടവി നോക്കും. ഒരിക്കൽ പോലും ചുറ്റുപാടും വീക്ഷിക്കാതെ, കീഴ്പ്പോട്ട് മാത്രം ദൃഷ്ടിയൂന്നി നടക്കുന്ന ആ ജന്തുവിനെപ്പറ്റി ഏകദേശ ധാരണ ഈ മഹത്തായ സിനിമയിൽ നിന്ന് നിങ്ങൾക്ക് ലഭിക്കും.

സ്ക്രീനിൽ നിന്നും പ്രേക്ഷകരിലേക്ക് എറിഞ്ഞ ആ കല്ല് ദളിത് ബാലനെ ഏൽപ്പിച്ചത് ഫാൻട്രിയുടെ സംവിധായകനാണ്. കമ്മട്ടിപ്പാടവുമായി ബന്ധമുള്ള ഏതെങ്കിലും ദളിത് ബാലൻ ഒരു കല്ല് 'കമ്മട്ടിപ്പാട'ത്തിന്റെ സ്ക്രീനിലേക്ക് തിരികെ എറിഞ്ഞാൽ അതിന്റെ സംവിധായകൻ പരിഭവിക്കാൻ സാദ്ധ്യതയില്ല. കാരണം അദ്ദേഹം ഏറെ ഇഷ്ടപ്പെടുന്നത് വയലൻസും റിയലിസവുമാണ്.

**വാൽക്കഷ്ണം**

നഗരത്തിൽ നടന്ന നൃത്തോത്സവത്തിൽ അരുണാ മൊഹന്തിയും സംഘവും അവതരിപ്പിച്ച ഒഡീസ്സി നൃത്തം. അവസാന ഇനമായി നവരസങ്ങളുടെ ആവിഷ്കരണം. രാമൻ വില്ലു കുലച്ച് സീതയെ നേടുന്നതാണ് വീര രസം. ചെറിയ കുരങ്ങന്മാർ ചേർന്ന് സമുദ്രത്തിൽ ചിറകെട്ടുന്നത് അത്ഭുത രസം. ഹാസ്യം അവതരിപ്പിച്ചതിലാണ് ക്ലാസിക്കൽ കലയുടെ ബീഭത്സം കിടക്കുന്നത്. രാമന്റെ അടുത്തേക്ക് പ്രണയാഭ്യർത്ഥനയുമായി ശൂർപ്പണഖ ചെല്ലുന്നു. രാമൻ തനിക്ക് സീതയുണ്ടെന്നും ലക്ഷ്മണന്റെ കൂടെ ആരുമില്ലെന്നും പറഞ്ഞ് അങ്ങോട്ട് വിടുന്നു. ലക്ഷ്മണനും പ്രണയം നിരസിച്ച് തിരികെ രാമന്റെ അടുത്തേക്ക് വിടുന്നു. നിരവധി തവണ രാമനും ലക്ഷ്മണനും ശൂർപ്പണഖയെ അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കുന്നു. അവസാനം ലക്ഷ്മണൻ വാൾ ഊരി ശൂർപ്പണഖയുടെ മൂക്കും മുലകളും ഛേദിച്ചു കളയുന്നു. രക്തം ഒഴുകുന്നത് പൊത്തിപ്പിടിച്ച് വേദനയിൽപ്പുളഞ്ഞ് ശൂർപ്പണഖ. അവൾക്ക് സംഭവിച്ച വിധിയും വൈകൃതവും കണ്ട് ചിരിയടക്കാനാകാതെ രാമനും ലക്ഷ്മണനും സീതയും. ഇത് ഹാസ്യ രസം. ■